# ഹൃദയത്തിലെ സ്വപ്നക്കളിക്കൂടുകൾ

## കെ.ജി.പൊലോസ്

ശ്രീമതി ശ്രീകലയുടെ പുസ്തകരൂപത്തിൽ പുറത്തിറങ്ങുന്ന ആദ്യത്തെ കാവ്യസമാഹാരമാണിത്. നന്നേ ചെറുപ്പം മുതൽ തന്നെ സംഗീതസാഹിത്യകലാവിഷയങ്ങളിൽ ശ്രീകലക്ക് താത്പര്യമുണ്ടായിരുന്നു. കുളം തോറും ആമ്പൽക്കൂട്ടങ്ങൾ കണ്ടും, വയൽപ്പാട്ടുകേട്ടും, കുണുങ്ങുന്ന നെൽക്കതിർകണ്ടും, ഹൃത്തിൽ സ്വപ്നക്കളിക്കൂടു മെനഞ്ഞാണ് ശാലീനമായൊരു നാട്ടിൻപുറത്ത് ശ്രീകല തന്റെ ബാല്യം കഴിച്ചുകൂട്ടിയത്. ആ പശ്ചാത്തലത്തിൽ അച്ഛനാണ് അവരിലേക്ക് 'കാവ്യപ്രകാശം' പ്രസരിപ്പിച്ചത്. ഉപരിപഠനത്തിന് തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ വന്നപ്പോൾ ആ കാവ്യാങ്കുരം തളിർത്തു. അതിനനുകൂലമായ സാഹചര്യമാണ് അന്ന് അവിടെ ഉണ്ടായിരുന്നത്. കാവ്യരചന, അക്ഷരശ്ലോകം തുടങ്ങിയവയിലെല്ലാം നന്നായി പങ്കെടുത്തു; നാടകങ്ങളിൽ അഭിനയിച്ചു. ഇങ്ങനെ തളിർത്ത കാവ്യവല്ലരിയാണ് പലപ്പോഴും ഒറ്റശ്ലോകങ്ങളായി പ്രത്യക്ഷപ്പെട്ടതും ഇപ്പോൾ ഇത്തരമൊരു സമാഹാരമായി പൂത്തുലയുന്നതും.

പലതരത്തിലുള്ള പൂക്കളാണ് ഈ കാവ്യാരാമത്തിലുള്ളത്. ഒരു തരത്തിലുമുള്ള വർഗ്ഗീകരണങ്ങളിൽ ഒതുങ്ങുന്നവയല്ല അവ. നീണ്ട കഥാകാവ്യങ്ങളുണ്ട്, കുറുംകവിതകളുണ്ട്, സ്രഗ്ധരയിലും ശാർദൂലവിക്രീഡിതങ്ങളിലുമുള്ള മധുരഭക്തികളുണ്ട്. ഒന്നിനൊന്ന് ആകർഷകമാണ് ഓരോന്നും അനുവാചകന്. ഈ പൂവാടിയിൽ വലിയൊരു തളിർത്തണ്ട് കുത്തിപ്പടർത്താൻ കൊമ്പെത്താദൂരെനിന്നു ചെറുകരം നീട്ടിട്ടും സാധിക്കുന്നില്ലെന്ന ചിന്ത, സൂക്ഷ്മമായി പറഞ്ഞാൽ, അതിവിനയത്തിന്റെ പ്രകടനമായേ കരുതേണ്ടതുള്ളൂ.

***

ഏതു സമൂഹത്തിനുണ്ടാകും പലതരം അബോധസ്മൃതികൾ. അത്തരമൊരു മിത്താണ് മലയാളിക്ക് പെരുന്തച്ചൻ. കവിതയിൽ ആ കദനകഥ ഹൃദ്യമായി അവതരിപ്പിച്ചത് (1955) മഹാകവി ജി ശങ്കരക്കുറുപ്പാണ്. തച്ചന്റെ മാനസികസംഘർഷങ്ങളിലാണ് അദ്ദേഹം ഊന്നിയത്. അച്ഛനും മകനുമെന്ന പൊതുബോധമാണ് ഇവിടെ പ്രവർത്തിക്കുന്നത്. അച്ഛന് അറിഞ്ഞുകൊണ്ട് മകനെ കൊല്ലാനാകുമോ എന്നതാണ് അതിന്റെ പൊതുയുക്തി- 'മരമോ മരാശാരി?'. ഒരു ശില്പിയെന്ന നിലയിൽ തന്നെ വെല്ലുന്ന മറ്റൊരുവനെ, അതു മകനായാൽ പോലും, അംഗീകരിക്കാനാവില്ലെന്നതാണ് അന്തഃകരണത്തിന്റെ യുക്തി. ബോധാബോധമനസ്സുകളുടെ സംഘർഷത്തിൽ-മകനെന്ന പിതൃയുക്തിയിലും ശില്പിയെന്ന അന്തഃകരണയുക്തിയിലും-പക്ഷം ചേരാതെ ചോദ്യം തുറസ്സായ തലത്തിൽ നിലനിർത്തുകയാണ് മഹാകവി.

ഭീമമാമപമൃതി
പിണയാതിരുന്നെങ്കിൽ
'പിണയ്ക്കാതിരുന്നെങ്കി-
ലെ'ന്ന് ഹാ, തിരുത്തുന്നു-
ണ്ടുണരുന്നൊരന്ത
ക്കരണം കൂടെക്കൂടെ

കുറെക്കൂടി വിപുലമായൊരു മാദ്ധ്യമത്തിലൂടെ ഈ വിഷയം പൊതുമണ്ഡലത്തിൽ ചർച്ചയ്ക്കു വിധേയമാക്കിയത് എം.ടി. വാസുദേവൻനായരാണ്. പെരുന്തച്ചൻ എന്ന സിനിമയിൽ തമ്പുരാട്ടിയോടുള്ള പ്രണയമാണ് മകനെ ദാരുണാന്ത്യത്തിലേക്ക് നയിക്കുന്നത്. മറവൊന്നുമില്ല, കൊല തന്നെയാണവിടെ.

ഈ സമാഹാരത്തിലെ പെരുന്തച്ചൻ എന്ന കവിതയിൽ കാര്യം കുറെക്കൂടി വ്യക്തമാണ്. മകൻ അച്ഛനെ വെല്ലുവിളിക്കുന്നു-പ്രണയം തന്നെ വിഷയം, ഒളിവും മറവും ഒന്നുമില്ല.

ബ്രാഹ്മണന്നു പറയക്കിടാത്തിയെ-
വേളി ചെയ്തു സുഖമായ് വസിച്ചിടാം
കാലമെത്ര കഴിയുന്നുവെങ്കിലും
തമ്പുരാട്ടി കില മാറ്റിടാ ഗതിം

പറയിപെറ്റ പന്തിരുകുലത്തിലേക്ക് നീങ്ങുന്നു തച്ചക്കുട്ടിയുടെ കൂരമ്പുകൾ! അച്ഛന്, പക്ഷേ, പുരയ്ക്കു മുകളിലേക്ക് ചായുന്നത് ചന്ദനമാണെങ്കിലും വെട്ടിമാറ്റാതെ നിവൃത്തിയുമില്ല. പെരുന്തച്ചൻ കുഴിച്ച കുളത്തിന്റെ രൂപം ദീർഘവും ചതുരവും വക്രവുമായി തോന്നുമല്ലോ, നോക്കുന്നവന്റെ ദൃഷ്ടിഭേദമനുസരിച്ച്; മിത്തുകളുടെ തഥ്യവും അങ്ങനെയാണ്. നോക്കുന്നവൻ കാണുന്നതാണ് അതിന്റെ രൂപവും അർത്ഥവും.

പെരുന്തച്ചനെപ്പോലെ മലയാളി മനസ്സിൽ സൂക്ഷിക്കുന്ന പ്രാക്തനസ്മൃതിയാണ് നാറാണത്ത് ഭ്രാന്തൻ. പറയിപെറ്റ പന്തിരുകുലം തന്നെ, എന്നിട്ടും ഭ്രാന്തൻ! രാവിലെ മുതൽ കുന്നിലേറ്റിയ ഉരുണ്ടകല്ല് താഴേക്ക് തള്ളിയിട്ട് രസിക്കുക. തനിഭ്രാന്ത് തന്നെ.

2006-ൽ അമേരിക്കയിലെ ഒരു യൂണിവേഴ്സിറ്റിയിലെ തിയേറ്റർ വിഭാഗം പ്രൊഫസർ കേരളത്തിൽ വന്നു. പലസ്ഥലങ്ങളിലും കൊണ്ടു നടന്ന് ഞാനദ്ദേഹത്തെ കൂടിയാട്ടവും കഥകളിയുമൊക്കെ കാണിച്ചു. അദ്ദേഹത്തിനൊരാഗ്രഹം-ആനയെ കാണണം. ഞാനദ്ദേഹത്തെ ഗുരുവായൂരിലെ പുന്നത്തൂർ കോട്ടയിലെ ആനത്താവളത്തിൽ കൊണ്ടുപോയി. രായിനെല്ലൂരിലെത്തിയപ്പോൾ നാറാത്തുഭ്രാന്തന്റെ പ്രതിമ ഞാൻ കാണിച്ചു കൊടുത്തു. കാര്യങ്ങൾ വിശദീകരിച്ചു. കഥകേട്ട് ആവേശം പൂണ്ട സായ്പ് ചോദിച്ചു-'നിങ്ങളദ്ദേഹത്തെ ഭ്രാന്തനെന്നാണോ വിളിക്കുന്നത്? He is a crazy saint'. Saint എന്ന പദം അദ്ദേഹം ആവർത്തിച്ചുകൊണ്ടിരുന്നു! ആൽബർട് കാമുവിന്റെ മിത്ത് ഓഫ് സിസിഫസ് അദ്ദേഹം എനിക്ക് തന്നു. സിസിഫസിന് ദേവകൾ നൽകിയ ശിക്ഷ ഇതുപോലെ തുടർച്ചയായി കല്ലുരുട്ടിക്കയറ്റലായിരുന്നു. സിസിഫസ് ഭ്രാന്തനല്ല, അസംബന്ധനായകൻ (Abusurd hero) ആണവർക്ക്. എല്ലാ സമൂഹങ്ങൾക്കുമുണ്ട് ഇത്തരം പ്രാക്തനസ്മൃതികൾ. പുതിയ കാലം അവയെ പലതരത്തിൽ വ്യാഖ്യാനിച്ചുകൊണ്ടിരിക്കുന്നു. മിത്തുകൾക്കുള്ള സവിശേഷതയെന്നത് ചതുരമായും ചക്രമായും ദീർഘമായും അവയെ കാണാൻ കഴിയുമെന്നതാണല്ലോ.

നാറാണത്തുഭ്രാന്തനെപ്പറ്റി ശാർദ്ദൂലവിക്രീഡിതത്തിൽ ഗഹനമായൊരു കവിതയുണ്ടീ സഞ്ചികയിൽ. ഭ്രാന്തന് പുതിയൊരർത്ഥവും ആകാരവും കൈവന്നിരിക്കുന്നു. കയ്യിൽ ധനമില്ല, ആൾ കെങ്കേമനുമല്ല, എങ്കിലും ഇരുൾ മൂടിയ ഈ കുന്നിൽ, പുലരിയിലെ സൂര്യരശ്മിപോലെ വിജ്ഞാനപ്രഭചൊരിയുന്നവനാണ് നീ. വിജ്ഞാനരാഗങ്ങൾ മൂളി നടക്കുന്ന 'അറിവിൽ ഭ്രാന്ത'ാണ് നീ. പ്രബന്ധങ്ങൾ അനവധി രചിച്ച് ലോകരെ പ്രബുദ്ധരാക്കുന്നു. ഹൃദ്യവും ഗഹനവുമാണ് ഭ്രാന്തിന്റെ ഈ വ്യാഖ്യാനം; പുണ്യാളനേക്കാളും അസംബന്ധനായകനെക്കാളും ശ്രേഷ്ഠൻ.

ആഖ്യാനകവിതകളിൽ ചേർത്തു പറയേണ്ട മറ്റൊരു കാവ്യം. 'അഭിമന്യു' ആണ്; അത് പക്ഷേ മിത്തല്ല, കഥയാണ്, 'നല്ല മരതകക്കല്ലിനോടൊത്തൊരു കല്യാണരൂപൻ കുമാരൻ മനോഹരൻ'; എന്ന് ശത്രു നിരയിലുള്ള ഗാന്ധാരിപോലും വിലപിക്കുമാറ് തകർന്നുടഞ്ഞ താരുണ്യം. പദ്മബന്ധമൊക്കെ തകർത്തെറിഞ്ഞ് കൗരവപ്പടയുടെ മനോവീര്യം നശിപ്പിച്ച അർജ്ജുപുത്രൻ! ഈ ആഖ്യാനത്തിന് പ്രത്യേകിച്ചൊരു വ്യാഖ്യാനവും നൽകിയിട്ടില്ല കാവ്യത്തിൽ. സുഭദ്രയുടെയും ഉത്തരയുടെയും ദുഃഖത്തിനാണിവിടെ പ്രാധാന്യം.

*****

ആഖ്യാനകവിതകൾ കഴിഞ്ഞാൽ പിന്നെ നാമെത്തുന്നത് മധുരഭക്തിയിലേക്കാണ്. ഗീതഗോവിന്ദത്തിലെ ഭാവം വഴിഞ്ഞൊഴുകുന്ന മൂന്നു കവിതകൾ-കൃഷ്ണഭക്തി, രാധാരാഗം, കണ്ണാ നീ എവിടെ? കാവ്യനാമ ങ്ങൾ തന്നെ വെളിവാക്കുന്നുണ്ട്. അവയുടെ ഭാവപരിസരം. ആദ്യത്തേതിൽ ഭഗവാനും ഭക്തയും തമ്മിലുള്ള സംവാദമാണ്-സ്രഗ്ധരയിലുള്ള ഒമ്പത് ശ്ലോകങ്ങൾ. കുസൃതി നിറഞ്ഞ ചാടൂക്തികളാണ് ചോദ്യത്തിലും ഉത്തരത്തിലുമുള്ളത്. നായകനിഷ്ഠമായ രതി ശൃംഗാരമെന്നും ദേവതാവിഷയമായത് ഭക്തി എന്നുമാണ് ആലങ്കാരികർ വിധിക്കുന്നത്. രണ്ടും തമ്മിലുള്ള വേർതിരിവ് നൂല് പോലെ നേരിയതാണെന്നർത്ഥം. രാധാ രാഗം പേര് സൂചിപ്പിക്കുന്നതുപോലെ വിരഹിണിയായ രാധയുടെ ഉദ്വേഗം കലർന്ന അന്വേഷണങ്ങളാണ്. കാമിനിയുടെ മിഴികളിലൂറിയ പ്രണയനിവേദ്യം ഹരിചരണത്തിൽ അർപ്പിച്ച് രാധാഹൃദയം പ്രമുദിതമായി, വിരഹത്തിനന്ത്യം വരുത്തി, ഹർഷാതിരേകത്തിലാണ് കാവ്യം അവസാനിക്കുന്നത്. ഈ മൂന്നു കൃഷ്ണകാ വ്യങ്ങളിലും വെച്ച് ‘കണ്ണാ നീ എവിടെ?’ എന്നതാണ് ഏറ്റവും ഭാവാർദ്രമായത്. ശാർദൂലവിക്രീഡിതത്തി ലുള്ള ആ പത്തുശ്ലോകങ്ങൾ രാസവിലാസവിലോലമായ രാധാമാധവസങ്കല്പത്തെ മൂർത്തമായിത്തന്നെ നമ്മുടെ മുൻപിലവതരിപ്പിക്കുന്നു. അഷ്ടപദിയെ പിന്തുടർന്നു എത്രയോ മനീഷികൾ ആവർത്തിച്ച് അവത രിപ്പിച്ചിട്ടുള്ളതാണ് ഈ ഭാവതലം. ഓരോ അവതരണവും ഭാവത്തെ ഉന്മിഷത്താക്കുന്നതായിട്ടാണനുഭവം. വി.കെ.ജിയുടെ വരികൾ പോലെ അക്ഷരശ്ലോകത്തിന് നീട്ടി ചൊല്ലി രസിക്കാനും ഏറെ വകയുണ്ട്, ഈ കൃഷ്ണകവിതകളിൽ.

****

ഈ സമാഹാരത്തിലെ എല്ലാ കവിതകളെയും ഈ ചെറുകുറിപ്പിൽ പരിചയപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല; അതിന്റെ ആവശ്യവുമില്ല. എങ്കിലും ഇതവസാനിപ്പിക്കുന്നതിനു മുൻപ് രണ്ടു വ്യത്യസ്തകവിതകളെ കൂടി തൊട്ടുപോകാൻ ആഗ്രഹിക്കുന്നു. ഇതുവരെ നാം പരിചയപ്പെട്ടവയെല്ലാം തന്നെ, ഒരുതരത്തിൽ പറഞ്ഞാൽ ഒരു നിയോ-ക്ലാസിക്കൽ ഭാവുകത്വം ആവശ്യപ്പെടുന്നവയാണ്. എന്നാൽ അങ്ങനെയല്ലാത്ത നാടോടിഭാവ നയെ ഉദ്ദീപിപ്പിക്കുന്ന കവിതകളും ശ്രീകല എഴുതിയിട്ടുണ്ട്. അതിലൊന്നാണ് ‘തേതി’ എന്ന ദീർഘ കവിത. കഥാകവിതകളുടെ കൂട്ടത്തിൽപെടുത്താവുന്നതാണിത്. വ്യത്യസ്തമായൊരു വായന ആവശ്യപ്പെടുന്നതു കൊണ്ടാണ് അവിടെ ഒഴിവാക്കിയത്.

തേതി എന്ന പേരു തന്നെ സൂചിപ്പിക്കുന്നു നായിക കീഴാളരിൽ പെട്ട ഒരു കർഷകത്തൊഴിലാളിയാണെന്ന്. ഓലക്കുടിലിൽ ഒറ്റയ്ക്കവളിരിക്കയാണ്, പാടത്തു പണിക്കുപോയ കണവനെ കാത്ത്. ചേറിൽ കുളിച്ചവൻ ഓടിയെത്തുമ്പോൾ സ്വീകരിക്കണം. സന്ധ്യയായി, രാത്രി ഏറെ ഇരുട്ടി. ശക്തിയായ മഴയും കാറ്റും, കുടിൽ വിറച്ച് ആടുന്നു. പാട്ടവിളക്കിലെ വെട്ടം കരിഞ്ഞു. അവളാകെ വിറച്ചു; പ്രതീക്ഷയോടെ കാത്തു. പുലർച്ചെ അവനെത്തി. കുറ്റബോധത്തോടെ പറഞ്ഞു. സന്ധ്യമയങ്ങിയപ്പോൾ മഴ തുടങ്ങി. ചാത്തൻകൊടുങ്കാറ്റടിച്ചു. തുമ്പിക്കൈയിൽ നിന്നെന്നപോലെ തുള്ളിയ്ക്കൊരു കുടം വെച്ചു മഴ. ഓടം മറിഞ്ഞു, ഓളത്തിൽ ദൂരേ യ്ക്കൊലിച്ചു പോയി. വാവിട്ടു കേണു. നിൻ പാതിവ്രത്യക്കരുത്തെന്റയുള്ളിൽ പൊൻപട്ടുതൂവൽ വിരിച്ചു. പാതിരാമുറ്റത്തു വീണു കിടന്ന തേതി കാന്തന്റെ കൈവിരൽച്ചൂടേറ്റുണർന്നു, ആ കാൽക്കൽ നമിച്ചു.

എത്ര ഹൃദ്യമായൊരു ബന്ധമാണവരുടേത്. അവന്റെ കരുത്ത് അവളുടെ ഓർമ്മ, അവളുടേതോ അവൻ വരു മെന്ന ഉറപ്പ്. ഈ കവിതയുടെ രചനാരീതി ഒന്നു വേറെയാണ്. തനി നാടൻ പദങ്ങൾ-വയ്യോൻ, ചാത്തൻ കൊടുങ്കാറ്റ്, നെഞ്ചിന്നുള്ളം കുളിർക്കാൻ, വെട്ടം, ചേലൊത്ത, ചൂണ്ടക്കുരുക്കിലെ മീൻ. ഹൃദ്യവും ലളിതവു മായ പദങ്ങളിൽ പറയുന്ന ചേറിൻമണമുള്ള തേതിയുടെയും കണവന്റെയും ഇക്കഥ രൂപത്തിലും ഭാവത്തിലും മറ്റുള്ളവയിൽ നിന്ന് വേറിട്ടു നിൽക്കുന്നു.

അമ്മ മകൾക്കു നൽകുന്ന ഉപദേശമാണ് വ്യത്യസ്തമായ മറ്റൊന്ന്. പണ്ട് കണ്വമുനി മകൾക്കു കൊടുത്ത നമ്മളൊക്കെ കാണാതെ ചൊല്ലുന്ന പ്രസിദ്ധമായ ഉപദേശമുണ്ടല്ലോ–സേവിച്ചിടുക ഗുരുക്കളെ, അഹിതമൊന്നും ആചരിക്കരുത്, ഭർത്താവിന്റെ മറ്റു ഭാര്യമാരെ സഖികളാക്കുക എന്നിങ്ങനെ. 'പെൺമക്കളോട്' എന്ന കവിത യിൽ ഇവിടെ അമ്മ നൽകുന്ന ഉപദേശമിങ്ങനെയാണ്:

വാക്കുകൾ മൂർച്ച കൂട്ടണം, കൺകളിൽ
തീക്ഷ്ണ ബിന്ദുക്കൾ കത്തിച്ചു വെയ്ക്കണം
കാരിരുമ്പിൻ കരുത്തുനേടീടണം
കാലമിന്നിലെ തീക്കനലാകണം

ഇന്നത്തെക്കാലത്ത് 'രോഷമാണാസ്യലാവണ്യം' എന്നേ അമ്മയ്ക്ക് പെൺമക്കളെ പഠിപ്പിക്കാനാവൂ.

ശ്രീകലയുടെ ഈ പ്രഥമോപഹാരത്തിന് പിൻമുറക്കാർ ഏറെ ഉണ്ടാകട്ടെ എന്നാഗ്രഹിച്ചുകൊണ്ട് സന്തോഷ പൂർവ്വം ഈ കാവ്യസഞ്ചയം സുമനസ്സുകൾക്കായി അവതരിപ്പിക്കുന്നു.

തൃപ്പൂണിത്തുറ

30.06.2021